22

# ക്രിസ്തുവിനെ പ്രസം ഗിക്കുക എന്നാൽ അർത്ഥം എന്ത്

## (8:5, 12)

പ്രവൃത്തി 8:5-ൽ വായിക്കുന്നു, "ഫിലിപ്പൊസ് ശമര്യപട്ടണത്തിൽ ചെന്നു അവരോടു *ക്രിസ്തുവിനെ പ്രസംഗിച്ചു*" (എംഫസിസ് മൈൻ). ഒരിക്കൽ സിങ്മാൻ[1] റീ പറഞ്ഞു, "അധികം ദൈവഭക്തരായ മനുഷ്യർ ക്രിസ്തുവിനെ പ്രസംഗിക്കുന്നതിനെക്കാൾ കൊറിയക്കു മറ്റൊന്നും ആവശ്യമില്ല."[2] "ഇതിനേക്കാൾ കൂടുതൽ മറ്റൊന്നും ലോകത്തിനാവ ശ്യമില്ല എന്നു!"[3] നാം കൂട്ടിചേർക്കണം: "ക്രിസ്തുവിനെ പ്രസംഗി ക്കുക" എന്നാലെന്താണ് *അർത്ഥം*? "ഞങ്ങളോ ക്രിസ്തുവിനെ പ്രസം ഗിക്കുന്നു" എന്ന വാക്കുകൾ സഭാ പ്രവർത്തകരിൽ നിന്നും നാം പലപ്പോഴായി പറഞ്ഞുകേൾക്കാറുണ്ട്, ഞങ്ങൾ ക്രിസ്തുവിനെ പ്രസം ഗിക്കുന്നു എന്ന് പറയുന്നത് ഒന്ന് പ്രവർത്തിക്കുന്നതു മറ്റൊന്നുമാകുന്നു.

"ക്രിസ്തുവിനെ പ്രസംഗിക്കുക" എന്നാൽ വാസ്തവത്തിൽ എന്തെന്നു ഫിലിപ്പൊസിന്റെയും ശമര്യരുടേയും കഥ നമുക്കു ഉൾക്കാഴ്ച്ച നല്ക്കുന്നുണ്ട്.

### ക്രിസ്തുവിന്റെ വ്യക്തി (8:5)

ഫിലിപ്പൊസ് ശമര്യയിലുള്ളവരോടു "ക്രിസ്തുവിനെ പ്രസംഗിച്ച പ്പോൾ," അവൻ സംശയരഹിതമായി മറ്റു ഉപദേഷ്ടാക്കന്മാർ ചെയ്തതു പോലെ ക്രിസ്തുവിനെ *പറ്റിയുള്ള* സത്യങ്ങൾ പറഞ്ഞിരിക്കും: വസ്തുത എന്തെന്നാൽ ക്രിസ്തു പ്രവചനം നിറവേറ്റി (2:16; 8:35), അവന്റെ ജീവിതവും അത്ഭുതങ്ങളും വിശദമാക്കന്നു (2:22; 10:38), അവൻ ക്രൂശിൽ അവർക്കു വേണ്ടി മരിച്ചതും (2:23; 8:32; 10:39), മരി ച്ചവരിൽ നിന്നുള്ള അവന്റെ ഉയിർത്തെഴുന്നേല്പും (2:32; 10:40), സ്വർഗ്ഗാ രോഹണം ചെയ്തു പിതാവിന്റെ വലത്തുഭാഗത്തിരുന്നുള്ള വാഴ്ച്ചയും

വ്യക്തമാക്കുന്നു (2:30-36), അവന്റെ വീണ്ടും വരവിന്റെ വാഗ്ദാനവും ഉൾപ്പെട്ടിരിക്കും (10:42). ഈ സത്യങ്ങൾ ആണ് ഫിലിപ്പൊസിന്റെ പ്രസംഗത്തിന്റെ അടിസ്ഥാനവും കാതലും "ക്രിസ്തുവിനെ പ്രസംഗിക്കുക" എന്നതിൽ ഇതിലും കൂടുതൽ ഉൾപ്പെടുന്നു, എങ്ങനെയായാലും.

**ക്രിസ്തുവിന്റെ രാജ്യം (8:12)**

വാക്യം 12 പറയുന്നു, "എന്നാൽ ദൈവ രാജ്യത്തേയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ [ശമര്യക്കാർ] വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും സ്നാനമേറ്റു." "ക്രിസ്തുവിനെ പ്രസംഗിക്ക" എന്നതിൽ അടിസ്ഥാനപരമായ സത്യങ്ങളേക്കാൾ കൂടുതൽ ഉള്ളതായി വാക്യം12 വ്യക്തമാക്കുന്നു.

*ഗെറ്റിങ്ങ് ടുഡേ ഗോഡ്* എന്ന തന്റെ പുസ്തകത്തിൽ ജോൺ എ.റെഡ്ഹെഡ്, സൂചിപ്പിക്കുന്നതു പലപ്പോഴും നമ്മുടെ മതപരമായ ആശയങ്ങൾ അപ്രായോഗികമാണ് - അതുകൊണ്ട് നമുക്കു ദൈവത്തിനുള്ള വിശ്വാസം *ഉപയോഗിക്കാൻ* ചില "കൈകൾ" വേണം.[4] ക്രിസ്തുവിനെ പ്രസംഗിക്കുന്നതിനും അതു വാസ്തവമാണ്. നിങ്ങളും ഞാനും "ക്രിസ്തുവിനെ പ്രസംഗിക്കണമെങ്കിൽ," ചിലർക്കു "കൈകൾ" കൊടുത്തു താങ്ങാൻ പറയണം. ആളുകൾക്കു എങ്ങനെ പ്രയോജനപ്പെടുമെന്നു പറയാതെ ക്രിസ്തുവിനെക്കുറിച്ചുള്ള വസ്തുതകൾ മാത്രം അവതരിപ്പിച്ചാൽ അതു ഉപയോഗിക്കുന്നതെങ്ങനെ എന്നു പറയാതെ ഒരാൾക്കു സങ്കീർണ്ണമായ ഒരു ഉപകരണം നല്കുന്നതു പോലെയിരിക്കും. വർഷങ്ങൾക്കു മുൻപു, ഒരു കച്ചവടക്കാരൻ അമേരിക്കയിൽ ഒരൊറ്റപ്പെട്ട സ്ഥലത്തു പ്രവേശിച്ചു പ്രായമായ ഒരാൾക്കു മനോഹരമായ ഒരു ഫ്രിഡ്ജ് വിറ്റു ആ മനുഷ്യൻ അതു കണ്ടിട്ടേയില്ല പിന്നീട് കച്ചവടക്കാരൻ അയാളെ കണ്ട് കച്ചവടക്കാരൻ അമേരിക്കയിലെ ഒരൊറ്റപ്പെട്ട സ്ഥലത്തു പ്രവേശിച്ചു പ്രായമായ ഒരാൾക്കു മനോഹരമായ ഒരു ഫ്രിഡ്ജ് വിറ്റു ആ മനുഷ്യൻ അതു കണ്ടിട്ടേയില്ല. പിന്നീട് കച്ചവടക്കാരൻ അയാളെ കണ്ട്, കച്ചവടക്കാരൻ എങ്ങനെ "ഫ്രിഡ്ജ് നിങ്ങൾക്കു ഇഷ്ടപ്പെട്ടോ?" എന്നു ചോദിച്ചു. "എനിക്കതു വളരെ ഇഷ്ടമായി," അയാൾ പറഞ്ഞു, "പക്ഷെ എന്റെ അമ്മയാണെങ്കിൽ ഐസ് ചീറ്റി ട്രേയിൽ കൊള്ളിക്കാൻ പാടുപെടുകയാണ്!" സത്യം, ഒരു പുതിയ ഉപകരണം പോലെയാണ്, അതു വിശദമാക്കുകയും - പ്രായോഗികത വെളിപ്പെടുത്തുകയും വേണം.

ഫിലിപ്പൊസ് "ക്രിസ്തുവിനെ പ്രസംഗിച്ചപ്പോൾ," അവന്റെ പ്രസംഗം പ്രായോഗികമായിരുന്നു. 12-ാം വാക്യം ശ്രദ്ധിച്ചാൽ അവൻ "ക്രിസ്തുവിനെ പ്രസംഗിച്ചപ്പോൾ," *ദൈവരാജ്യത്തെപ്പറ്റിയാണ്* പ്രസംഗിച്ചത്. ഒന്നാം അദ്ധ്യായം മുതൽ നാം നോക്കിയിട്ട് ഇപ്പോഴാണ് ആദ്യമായി ദൈവ "രാജ്യത്തെ" കുറിച്ച് നാം കാണുന്നത്. "അതെന്താണ്?" ക്രിസ്തു സ്ഥാപിക്കാനിരുന്ന ഒരു സ്ഥാപനത്തെയാണ് ദൈവരാജ്യം എന്നു പറഞ്ഞതെന്നു നാം "പ്രവൃത്തി, 1" എന്ന പുസ്തകത്തിൽ നിന്നു മനസ്സിലാക്കി, സുവിശേഷഭാഗത്താണ് യേശു "രാജ്യം"

സ്ഥാപിച്ചപ്പോൾ അതു പ്രസ്താവിച്ചിരിക്കുന്നത് പ്രാഥമികമായി ഈ പദപ്രയോഗം പ്രവൃത്തികളുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് "സഭ" എന്ന അർത്ഥത്തിലാണ്. രാജ്യം അഥവാ സഭ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞപ്പോൾ 2-ാം അദ്ധ്യായം, നാം "സഭ" എന്നാണ് വായിക്കുന്നത് (5:11; 8:1, 3), എന്നാൽ രാജ്യം എന്നല്ല. ഫിലിപ്പൊസ് എന്തുകൊണ്ടാണ് "രാജ്യം" എന്നതു ഉപയോഗിച്ചത്? കാരണം ശമര്യരും മശിഹ വന്നു രാജ്യം സ്ഥാപിക്കുന്നതിനായി അവരും കാത്തിരുന്നു (അവരുടെ അയൽക്കാരിൽ നിന്നും) (യോഹന്നാൻ 4:25).[5]

"ദൈവരാജ്യം" എന്ന വാക്കിന്റെ അക്ഷരിക അർത്ഥം സ്വർഗ്ഗത്തിലും (യാക്കൊബ് 2:5) ഭൂമിയിലും (പ്രത്യേക രീതിയിൽ സഭയിൽ[6]) ഉള്ള "ദൈവിക ഭരണം," എന്നാണ്. ഈ സന്ദർഭത്തിൽ, ഫിലിപ്പൊസ് സഭയെയാണ് ഊന്നി പറയുന്നത്. സഭയെക്കുറിച്ചു പ്രസംഗിക്കാതെ ഒരാൾക്കു പുർണ്ണമായി "ക്രിസ്തുവിനെ പ്രസംഗിക്കാൻ" സാദ്ധ്യമല്ല - കാരണം ക്രിസ്തുവാണ് സഭയുടെ സ്ഥാപകൻ (മത്തായി 16:18), ക്രിസ്തുസഭയ്ക്കു വേണ്ടി മരിച്ചു (പ്രവൃത്തി 20:28), ക്രിസ്തു സഭയുടെ തലയാണ് (എഫെസ്യർ 1:22, 23), സഭയെ നിലനിർത്തുന്നതും രക്ഷിക്കുന്നതും ക്രിസ്തുവാണ് (എഫെസ്യർ 5:23–25).

ഫിലിപ്പൊസ് ''ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിച്ചപ്പോൾ,'' അല്ലെങ്കിൽ സഭയെക്കുറിച്ച്, അവൻ എന്തായിരിക്കും പ്രസംഗിച്ചിരിക്കുക? രാജ്യം/സഭ സ്ഥാപിച്ചു കഴിഞ്ഞു എന്ന സുവിശേഷമായിരിക്കും അവൻ പറഞ്ഞിരിക്കുക. സഭയിൽ ഉള്ള കൂട്ടായ്മയെക്കുറിച്ചും അവൻ പറഞ്ഞിരിക്കും എങ്ങനെയാണ് സഭ കൂടിവന്നു ആരാധിക്കുന്നതെന്നും, കർത്താവിനെയും മറ്റുള്ളവരെയും സേവിക്കുന്നതെങ്ങനെ എന്നും പ്രസംഗിച്ചുകാണും.

### ക്രിസ്തുവിന്റെ നാമം (8:12)

ഫിലിപ്പൊസ് "ക്രിസ്തുവിനെ പ്രസംഗിച്ചപ്പോൾ" അവൻ "ക്രിസ്തുവിന്റെ നാമത്തെയും പ്രസംഗിച്ചു" പ്രവൃത്തി 3 ഉം 4 ഉം അദ്ധ്യായങ്ങൾ നാം പഠിച്ചപ്പോൾ, അവനുള്ളതെല്ലാം അവന്റെ നാമത്തിലുൾപ്പെടുന്നു എന്നു നാം കാണുകയുണ്ടായി. ആളുകൾ സ്നാനപ്പെട്ടത് അവന്റെ നാമത്തിലായിരുന്നു (പ്രവൃത്തി 2:38). അപ്പൊസ്തലന്മാർ രോഗികളെ സൗഖ്യമാക്കിയത്, അവന്റെ നാമത്തിലായിരുന്നു (3:16). അധികം താമസിയാതെ അവന്റെ ശിഷ്യന്മാർ അവന്റെ നാമം ധരിച്ചു (11:26; 26:28). "ഒരു ഉപദേഷ്ടാവ് ഒരിക്കൽ പേരിൽ ഒന്നുമില്ല!" എന്നു പരസ്യമായി പറഞ്ഞു, ഉടനെ, സഭയിൽ നിന്നു ഒരാൾ ഉച്ചത്തിൽ പറഞ്ഞു, "ബെയൽസെബൂലിന്നു മഹത്വം!" ആ മനുഷ്യൻ ആളുകളെ ഞെട്ടിച്ചു*കൊണ്ടാണ്* "പേരിൽ എന്തോ ഉണ്ട്!" എന്നു വ്യക്തമാക്കിയത്. ആഫ്രിക്കയിലെ ഒരു ആരാധനാലയത്തിനു മുൻപിൽ ഈ രണ്ടു വാക്യങ്ങൾ പ്രാമുഖ്യമായി എല്ലാവർക്കും കാണത്തക്ക വിധത്തിൽ: "*ക്രിസ്തുവിന്റെ* സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു"; ആകാശത്തിൻ കീഴിൽ മനുഷ്യർക്കിടയിൽ, രക്ഷിക്കപ്പെടുവാൻ വേറൊരു നാമവുമില്ല" (റോമർ 16:16; പ്രവൃത്തി 4:12; എംഫസിസ്മൈൻ). നാം

"ക്രിസ്തുവിനെ പ്രസംഗിക്കുന്നുവെങ്കിൽ," നാം അവന്റെ നാമത്തെ മഹത്വപ്പെടുത്തണം.

**ക്രിസ്തുവിന്റെ രക്ഷാനിബന്ധനകൾ**
**(8:12)**

അവസാനം, ശമര്യരോടു ഫിലിപ്പൊസ് "ക്രിസ്തുവിനെ പ്രസംഗിച്ചപ്പോൾ" സ്നാനത്തെക്കുറിച്ചും പ്രസംഗിച്ചു. "ക്രിസ്തുവിനെ പ്രസംഗിക്കുന്നതിൽ" സ്നാനം ഉൾപ്പെടുത്തിയില്ലെങ്കിൽ, ശമര്യക്കാർ സ്നാനപ്പെടേണ്ടതുണ്ടെന്നു അറിയുകയില്ലായിരുന്നു. "ക്രിസ്തുവിനെ പ്രസംഗിക്കുക" എന്നതിൽ സ്നാനത്തെ പ്രസംഗിക്കലും ഉൾപ്പെട്ടിരിക്കുന്നു എന്നു കാണിക്കേണ്ടതിനു പണ്ട്, ഒരു പ്രദർശനം നടത്തുമായിരുന്നു. ഉപദേഷ്ടാവു പറയും, "ഞാൻ ആൺകുട്ടികളിൽ ഒരാളോട് ചില നിർദ്ദേശങ്ങൾ പറയും" എന്നിട്ട് അദ്ദേഹം ഒരു ചെറിയ കുട്ടിയെ വേദിയിലേക്കു വിളിച്ചു വരുത്തി ചെവിയിൽ ഒന്നു മന്ത്രിക്കും. ആ കുട്ടി പുറത്തു പോയി ഒരു പാറക്കഷണം എടുത്തുകൊണ്ടു വന്നു. ഉപദേഷ്ടാവ് സദസ്യരോടു ചോദിക്കും, "ഞാൻ കുട്ടിയോട് എന്തു പറഞ്ഞു എന്നാണ് നിങ്ങൾ ഊഹിക്കുന്നത്?" സദസ്യർ പറയും, "പുറത്തു പോയി ഒരു കല്ലെടുത്തുകൊണ്ടുവാ എന്ന്'' ''ഞാൻ അവരോടു അതാണ് പറഞ്ഞതെന്ന് നിങ്ങൾ എങ്ങനെ ഊഹിച്ചു?'' എന്നുചോദിക്കും കാരണം കുട്ടി അതാണ് *ചെയ്തത്* എന്നു പറയും. പുഞ്ചിരിയോടെ ഉപദേഷ്ടാവു പറയും, "അതെ" എന്ന്, "അതുപോലെ ശമര്യക്കാർ *ചെയ്തതു* കാണുമ്പോൾ, ഫിലിപ്പൊസ് പറഞ്ഞതാണ് അവർ ചെയ്തതെന്നു നമുക്കു അറിയാം."

ക്രിസ്തുവിൽ നിന്നു സ്നാനത്തെ മാറ്റി നിർത്താനാവില്ല. യേശു സ്നാനപ്പെട്ടിരുന്നു (മത്തായി 3:13–17) അവൻ സ്നാനം കല്പിച്ചിരുന്നു. (മത്തായി 28:19; മർക്കൊസ് 16:16) സ്നാനം *ക്രിസ്തുവിന്റെ* മരണം, അടക്കം, ഉയിർപ്പ് എന്നിവയോട് ഏകീഭവിക്കലാണ് (റോമർ 6:3–6) നാം ക്രിസ്തുവിനോടു ചേരുവാനാണ് സ്നാനമേല്ക്കുന്നത് (ഗലാത്യർ 3:26, 27). നിങ്ങളും ഞാനും "ക്രിസ്തുവിനെ മുഴുവനായും പ്രസംഗിക്കയാണെങ്കിൽ," നമ്മുടെ സന്ദേശത്തിൽ സ്നാനവും വേണം.[7]

**ഉപസംഹാരം**

ക്രിസ്തുവിനെ പ്രസംഗിക്കുക എന്നതിൽ അവന്റെ വ്യക്തിത്വത്തിനു ചുറ്റുമുള്ള അടിസ്ഥാന സത്യങ്ങളെ മാത്രമല്ല, രാജ്യം അഥവാ സഭയെക്കുറിച്ചും, അവന്റെ നാമത്തെക്കുറിച്ചും, സ്നാനത്തെക്കുറിച്ചും ഉള്ള പ്രസംഗം ഉൾപ്പെടുന്നു എന്നു നാം കണ്ടു കഴിഞ്ഞു. മറ്റുവിഷയങ്ങളും പറയാവുന്നതാണ്,[8] ''ക്രിസ്തുവിനെ പ്രസംഗിക്കുന്നതിന്റെ" വിസ്തൃതി മനസ്സിലാക്കുവാൻ ഇത്രയും മതിയാകും.

ഞാൻ വായിച്ച ഒരു സഭയെപ്പോലെയാണ് ചിലർ "ക്രിസ്തുവിനെ പ്രസംഗിക്കുന്നത്." ഈ സഭ അവരുടെ കെട്ടിടത്തിന്റെ ഒരു വശത്ത് ഒരു ബോർഡ് വെച്ചിട്ടുണ്ട്: അതിൽ അവർ "ഞങ്ങൾ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" എന്നു എഴുതിയിരുന്നു. കുറച്ചുകാലം

കഴിഞ്ഞപ്പോൾ, സഭയിലെ ചിലർക്കു രക്തയാഗം പുച്ഛമായി തോന്നി, അതിനാൽ "ക്രൂശിക്കപ്പെട്ട" എന്ന വാക്ക് അവിടെ നിന്നും മായിച്ചുകളഞ്ഞു. പിന്നെ ആ ബോർഡ് വായിച്ചത്, "ഞങ്ങൾ ക്രിസ്തുവിനെ പ്രസംഗിക്കുന്നു" എന്നായിരുന്നു. കുറച്ചു കഴിഞ്ഞ്, ഒരു പുതിയ ഉപദേഷ്ടാവ് വന്നപ്പോൾ; യേശുവിന്റെ കഥയേക്കാൾ അദ്ദേഹത്തിനു ആനുകാലിക സംഭവങ്ങളിലായിരുന്നു താല്പര്യം, അതുകൊണ്ട് "ക്രിസ്തു" എന്ന വാക്കു ബോർഡിൽ നിന്നു മായിച്ചുകളഞ്ഞു. പിന്നെ ആ ബോർഡിൽ, "ഞങ്ങൾ പ്രസംഗിക്കുന്നു" എന്നായി. അവസാനം, ആളുകൾ ബോർഡിൽ നിന്നു നീക്കി. പകരം, നാടകവും പാട്ടുകച്ചേരിയും ആക്കി. പിന്നെ ബോർഡിൽ അവശേഷിച്ചത്, "ഞങ്ങൾ" എന്നു മാത്രം. ക്രിസ്തുവിനെ പൂർണ്ണമായി പ്രസംഗിക്കുന്നതിന്റെ ഒരു ഭാഗം പോലും മാറ്റാതെ "ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നവരായി" തുടരാൻ ദൈവം നമ്മെ സഹായിക്കട്ടെ!

ഈ പാഠത്തിൽ ചർച്ച ചെയ്ത വിഷയത്തിൽ - നാം ക്രിസ്തുവിന്റെ *നാമത്തിൽ സ്നാനമേല്ക്കുമ്പോൾ,* ദൈവം നമ്മെ അവന്റെ *രാജ്യ*മാകുന്ന അവന്റെ *നാമം* ധരിച്ച *സഭ*യോടു ചേർക്കുന്നു (2:38, 41, 47; കൊലൊസ്യർ 1:13; റോമർ 16:16). അവന്റെ രാജ്യമാകുന്ന സഭയോടു ചേർക്കപ്പെടേണ്ടതിനു, ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുവാൻ *നിങ്ങൾ* ആഗ്രഹിക്കുന്നുവോ? 12-ാം വാക്യം വീണ്ടും ശ്രദ്ധിക്കുക: "ദൈവരാജ്യത്തെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിച്ച ഫിലിപ്പൊസിനെ [ശമര്യയിലുള്ളവർ] വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും, സ്നാനമേറ്റു" അവർ വിശ്വസിച്ചപ്പോൾ, അനുസരിച്ചു! അവർ കാത്തിരുന്നില്ല; മടിച്ചില്ല; ദൈവം ആഗ്രഹിച്ചതു അവർ ചെയ്തു![9] നിങ്ങൾ അങ്ങനെ ചെയ്യുമോ?

## ദൃശ്യ - സഹായക്കുറിപ്പുകൾ

"ഞങ്ങൾ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" എന്ന ബോർഡിന്റെ ചിത്രീകരണം ദൃശ്യരൂപത്തിലാക്കാം. ബ്ലാക്ക്ബോർഡിൽ ആ വാക്കുകൾ എഴുതി ഓരോ വാക്കായി മായിക്കുക. (ഒരു ഉപദേഷ്ടാവ് തന്റെ തലക്കു മുകളിൽ സുതാര്യമായി ഒരു വരവരച്ച്, വാക്ക് എഴുതി ചിത്രീകരിച്ചു. ഈ *ബോർഡിലേക്കു* ''വളർന്ന'' ചെടികൾ വളർന്നു വരികയും, ഓരോ ചെടിയും വളർന്നു ഓരോ വാക്കും മറക്കും.)

യോജിച്ചതെങ്കിൽ, പഴയ പ്രഗത്ഭരായ ഉപദേഷ്ടാക്കന്മാർ ഉപയോഗിച്ച കുട്ടിയെ പറഞ്ഞയച്ചു പാറക്കഷണം എടുപ്പിച്ചതു ഉപയോഗിക്കാം - ഇതെല്ലാം ക്രിസ്തുവിനെ പ്രസംഗിക്കുന്നതിൽ സ്നാനവും ഉൾപ്പെടുന്നു എന്നു കാണിക്കുന്നതിനാണ്.

## പ്രസംഗക്കുറിപ്പുകൾ

''ക്രിസ്തുവിനെ പ്രസംഗിക്കുക എന്ന വിഷയത്തെക്കുറിച്ച്''

പകർത്തിയെടുക്കാവുന്ന നോട്ടുകൾ ബർട്ടൺ കോഫ്മാൻ തന്റെ പ്രവൃത്തികളുടെ പുസ്തകത്തിൽ വ്യാഖ്യാനത്തിൽ നല്കുന്നുണ്ട് (ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ ആക്ട്സ്* [ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1976], 159–61). *ദി ഗോസ്പെൽ ഇൻ ഗോഥാം* എന്ന വിഷയത്തിൽ അദ്ദേഹത്തിന്റെ ഒരു പ്രസംഗവുമുണ്ട് ([ന്യൂയോർക്ക്: ബൈ ദി ആതർ, n.d.], 217–24).

---

കുറിപ്പുകൾ

[1]ഇംഗ്ലീഷിൽ ചിലപ്പോൾ "സിഗമണ്ട്" എന്നു ഉച്ചരിച്ചിരുന്നു. സിങ്ങ്മാൻ റി ഒരു കൊറിയൻ നേതാവായിരുന്നു. [2]ഈ പ്രസ്താവന ബർട്ടൺ കോഫ്മാൻ ഇൻ *ദി ഗോസ്പെൽ ഗോതെം* (ന്യൂയോർക്ക്: ബൈദി അദർ, n.d.), 217 ന്റേതാണ്. [3]1 കൊരിന്ത്യർ 1:23, 24; 2:2; ഗലാത്യർ 6:14 എന്നിവ നോക്കുക. [4]ജോൺ.എ. റെഡ്ഹെഡ്, *ഗെറ്റിങ്ങ് ടു നോ ഗോഡ് (ആന്റ് ആദർ സെർമൺസ്)* (ന്യൂയോർക്ക്: അബിഡെൺ പ്രെസ്, 1954), 8. [5](അവർ സ്വീകരിച്ച) ന്യായപ്രമാണത്തിലെ അഞ്ചു പുസ്തകങ്ങളിൽ നിന്നും, മോശെയെ പോലെ ഒരു പ്രവാചകൻ വരുമെന്നു ശമര്യക്കാർ പഠിച്ചിരുന്നു (ആവർത്തന പുസ്തകം 18:15, 18, 19). പ്രവാചകനെ അഭിഷേകം ചെയ്തിരുന്നതുകൊണ്ടു "മശിഹ" ("അഭിഷിക്തൻ"), എന്ന വാക്കു ശമര്യക്കാർക്കു ശരിയായതായിരുന്നു. [6]മത്തായി 16:18, 19–ൽ "രാജ്യം" എന്നും "സഭ" എന്നും മാറിമാറി ഉപയോഗി ച്ചിട്ടുണ്ട്. "യാഥാസ്ഥിതികരും അല്ലാത്തവരുമായ പണ്ഡിതൻമാർ കാലാ കാലങ്ങളിലുള്ള തെളിവുവെച്ചു സഭയും രാജ്യവും ഒരു സ്ഥാപനമാണെന്ന കാഴ്ച്ചപ്പാടിൽ എത്തിയിരി ക്കുന്നു" (കോഫ്മാൻ, 157). [7]ഷണ്ഡന്റെ പരിവർത്തനം എന്ന പാഠത്തിൽ ഈ പോയിന്റ് കൂടുതൽ വിശദമാക്കിയിട്ടുണ്ട്. [8]ക്രിസ്ത്യാനികളായ നമ്മുടെ ഉത്തരവാദിത്വവും ഉൾപ്പെടുത്താം. [9]മത്തായി 6:33; എബ്രായർ 4:7; 2 കൊരിന്ത്യർ 6:2; സഭാപ്രസംഗി 12:1 എന്നിവ പരിഗണിക്കുക.